മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 16 | THE ONLINE OFFICIAL NEWS BULLETIN | 2023 April 22

SEASON OF RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
23 1st Sunday after New Sunday Comme. of St. George the Great Martyr  ♪2	24 ♪6	25 Comme. of St. Mark the Evangelist 353rd Memorial of Mar Thoma I ✠ (Ankamaly Cheriya Palli)  ♪2	26 ♪6	27 352nd Memorial of Mar Gregorios Abdul Jaleel Metropolitan ✠ (North Parur Palli)  ♪2	28 ♪6	29 Comme. of Mar Sabor & Mar Aproth  ♪2



നാം അപരന് തണലാകുന്ന സാന്നിദ്ധ്യമാകണം: പ. കാതോലിക്കാ ബാവാ

പരുമല: കുടുംബജീവിതത്തിൽ പങ്കാളിക്ക് നിഴലും തണലുമാകുന്ന സാന്നിദ്ധ്യമാകുമ്പോൾ അനുഗൃഹീതമായ സമൂഹം സൃഷ്ടിക്കപ്പെടുന്നു എന്ന് പ. കാതോലിക്കാ ബാവാ പറഞ്ഞു. ബസ്ക്യോമ്മോ അസ്സോസ്സിയേഷന്റെ 45-ാമത് വാർഷിക സമ്മേളനം പരുമലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ. ബാവാ. അയൽക്കാരന്റെ മനം തണുപ്പിക്കുന്ന സാന്നിധ്യമാകണം നാം. പ്രതിസന്ധികളിൽ തളരാതെ പ്രാർത്ഥനയിലൂടെ അതിനെ തരണം ചെയ്യുവാനും കഴിയണമെന്നും പ. ബാവാ ആഹ്വാനം ചെയ്തു. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു. ബസ്ക്യോമ്മോ ഡയറക്ടറിയുടെ പ്രകാശനം ഓൺലൈൻ ത്രൈമാസ ബുള്ളറ്റിന്റെ പ്രകാശനവും പ. കാതോലിക്കാ ബാവാ നിർവ്വഹിച്ചു. വൈദികട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, പരുമല സെമിനാരി മാനേജർ ഫാ. കെ. വി.പോൾ റമ്പാൻ, അസോസിയേഷൻ വൈസ് പ്രസിഡന്റ് ഫാ.സോളു കോശി രാജു, ജെസ്സി വർഗീസ്, സെക്രട്ടറി റേച്ചൽ പി. ജോസ്, മിനി ഉമ്മൻ, മിനി സൈമൺ, ഷൈനി സാം എന്നിവർ പ്രസംഗിച്ചു.



കൈപ്പുസ്തകം പ്രകാശനം ചെയ്തു

ദേവലോകം; മലങ്കര ഓർത്തഡോക്സ് സഭാ മാനവ ശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ എല്ലാ ആത്മീയ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന DRUXIT എന്ന ത്രിവത്സര ലഹരി വിരുദ്ധ ബോധവത്കരണ പദ്ധതിയുടെ കൈപ്പുസ്തകം പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായ്ക്കു ആദ്യ കോപ്പി നൽകി പ്രകാശനം നിർവഹിച്ചു.



ആത്മീയ സംഘടനകളുടെ കേന്ദ്ര ഭാരവാഹികളുടെ യോഗം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിലെ ആത്മീയ സംഘടനകളുടെ കേന്ദ്ര ഭാരവാഹികളുടെ യോഗം പ. ബസേലിയോസ് മാർത്തോമാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ കൂടി. മാർത്തോമാ ശ്ലീഹായുടെ ഭാരത ആഗമനത്തിന്റെ 2000-ാമാണ്ട് വാർഷികത്തോട് അനുബന്ധിച്ച് സഭ ഒരുങ്ങുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളെപ്പറ്റി ആലോചിക്കുവാൻ വേണ്ടിയും ആത്മീയ സംഘടനകളുടെ നവോത്ഥാനത്തിനും കാലഘട്ടത്തിനനുസരിച്ചുള്ള ശുശ്രൂഷയുമായി സംഘടനകളെ ഒരുക്കപ്പെടുത്തുവാൻ വേണ്ടിയാണ് ഈ യോഗം ക്രമീകരിച്ചത് എല്ലാ സംഘടനകളും കാലത്തിന്റെ വിളിയെ തിരിച്ചറിഞ്ഞ് ജീവകാരുണ്യ സാമൂഹിക ക്ഷേമബോധ്യമുൾക്കൊണ്ട് പ്രവർത്തിക്കണമെന്ന് പ. ബാവാ ആഹ്വാനം ചെയ്തു. ഡോ. യാക്കോബ് മാർ ഐറേനിയോസ് ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ യൂഹാനോൻ മാർ ദിയസ്കോറോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, ആത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പ്രസംഗിച്ചു.



ജൂണിയർ നാംസ് കോൺഫ്രൻസ് തിരുവനന്തപുരം മാതാ മറിയം ആശ്രമത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം ചെയ്യുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം



വിശുദ്ധ രഹസ്യങ്ങൾ

മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം പതിനെട്ട്


രഹസ്യങ്ങളേക്കുറിച്ച്

വീണ്ടും, ധ്യാനപൂർവ്വമുള്ള നമ്മുടെ യാത്രയിൽ ആത്മീയമായ സൗഭാഗ്യത്തിലേക്ക് നാം എത്തിച്ചേരുന്നു. ജനം പരിശുദ്ധനായ ഏക പിതാവ് എന്നിപ്രകാരം പറഞ്ഞ് കഴിയുമ്പോൾ പട്ടക്കാരൻ തുണികൊണ്ട് രഹസ്യങ്ങൾ അതായത് മുറിച്ച അപ്പം മൂടുന്നു. അവൻ (വിശുദ്ധ രഹസ്യങ്ങൾ) അനുഭവിക്കുവാൻ തയ്യാറാകുമ്പോഴും മറ്റുള്ളവർക്ക് അത് നൽകുമ്പോഴും അവൻ വിശുദ്ധ രഹസ്യങ്ങൾ തുറക്കുന്നു. മൂടികൾ നമ്മുടെ കർത്താവിന്റെ കല്ലറയുടെ വാതിൽ അടയ്ക്കുവാൻ വച്ചിരുന്ന കല്ലിനെ സൂചിപ്പിക്കുന്നു. മൂടികൾ മാറ്റുന്നത് നമ്മുടെ കർത്താവ് കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി അവരെ ഉറപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു.

വീണ്ടും, വിശുദ്ധ രഹസ്യങ്ങൾ മൂടിവയ്ക്കുന്നത് മനുഷ്യാവതാരം ചെയ്യുന്നതിന് മുമ്പ് വചനമായ (ദൈവം) മനുഷ്യനിൽ നിന്ന് മറവായിരുന്ന സമയത്തെ സൂചിപ്പിക്കുന്നു. വിശുദ്ധ രഹസ്യങ്ങൾ തുറക്കുന്നത് മനുഷ്യാവതാരം ചെയ്തതിന് ശേഷം മനുഷ്യർക്ക് വെളിപ്പെടുത്തുകയും അറിയിക്കുകയും ചെയ്ത സമയത്തെ സൂചിപ്പിക്കുന്നു.

നമ്മുടെ കർത്താവ് മാളികയിൽ വച്ച് തന്റെ ശരീരവും രക്തവും ആദ്യമേ അനുഭവിക്കുകയും പിന്നീട് തന്റെ ശിഷ്യന്മാർക്ക് കൊടുക്കുകയും ചെയ്തതുപോലെ പട്ടക്കാരൻ വിശുദ്ധ രഹസ്യങ്ങളിൽ നിന്ന് ആദ്യം അനുഭവിക്കുന്നു. വീണ്ടും, വിശുദ്ധ രഹസ്യങ്ങൾ ശുശ്രൂഷിക്കുന്നതിന് പട്ടക്കാരൻ യോഗ്യനാകുന്നതിന് ശക്തിയും കൃപയും ആവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു. വീണ്ടും, കൂലിക്കാരൻ വയലിലെ ഫലത്തിൽ നിന്ന് ഉപജീവിക്കുകയും അതിന് ശേഷം മറ്റുള്ളവർക്ക് നൽകുന്നത് ഉചിതമെന്ന് സൂചിപ്പിക്കുന്നു. മൽപ്പാൻ ഉപദേശങ്ങളാൽ പൂർണ്ണനായതിന് ശേഷം മറ്റുള്ളവരെ പഠിപ്പിക്കുന്നതാണ് ഉചിതം.

വീണ്ടും, നമ്മുടെ കർത്താവ് മാളികയിൽ വച്ച് തന്റെ ശരീരവും രക്തവും തന്റെ ശിഷ്യന്മാർക്ക് വിഭജിച്ച് കൊടുത്തതുപോലെ പട്ടക്കാരൻ വിശുദ്ധ രഹസ്യങ്ങൾ പൗരോഹിത്യ സ്ഥാനികൾക്കും ജനത്തിനും വിഭജിച്ച് കൊടുക്കുന്നു. അവൻ കാസാ ആദ്യം എടുക്കുന്നു, അതിനു കാരണം അതിന് മുൻഗണന ഉണ്ടായതുകൊണ്ടല്ല, എന്നാലോ ശരീരം അപ്രകാരം നിലനിൽക്കെത്തന്നെ രക്തം ജഡത്തിൽ നിന്ന് ആദ്യം പുറപ്പെട്ട് കാണപ്പെടുന്നു. വീണ്ടും നാം പറയുന്നു, മശിഹാ തന്റെ ഉയിർത്തെഴുന്നേൽപ്പിന് ശേഷം തന്റെ ശരീരം, അത് ഉയിർപ്പിന് മുമ്പുള്ളതു പോലെയുള്ളതല്ല, എന്നാലോ തന്റെ കഷ്ടതയില്ലാത്തതും മരണമില്ലത്തതും ബലഹീനമല്ലാത്തുമായ ശരീരം, അവർക്ക് (ശിഷ്യന്മാർക്ക്) വിഭജിച്ച് കൊടുത്തതുപോലെ ശരീര രക്തങ്ങളാകുന്ന ഈ ദിവ്യ രഹസ്യങ്ങൾ പട്ടക്കാരൻ വിഭജിച്ച് വിശ്വാസികൾക്ക് കൊടുക്കുന്നു. ശ്ലീഹന്മാരാൽ പുത്രൻ ജാതികളുടെ അടുക്കലേക്ക് (വന്നതു പോലെ) പട്ടക്കാരൻ മുഖാന്തിരം വിശുദ്ധ രഹസ്യങ്ങൾ ജനങ്ങളുടെ അടുക്കലേക്ക് കൊണ്ടുവരുന്നു.



മറഞ്ഞിരുന്ന രഹസ്യമായ നമ്മുടെ കർത്താവിനെ പ്രഗത്ഭ പ്രസംഗകർ മുഖേന ഏവൻഗേല്യോന്യ പ്രസംഗങ്ങളാൽ ലോകത്തിന് മുഴുവൻ വെളിപ്പെടുത്തിയതു പോലെ മൂടുപടം എടുത്ത് മാറ്റി വിശുദ്ധ രഹസ്യങ്ങൾ അവരുടെ ഇടയിൽ വെളിപ്പെടുത്തുന്നു. വിശുദ്ധ രഹസ്യങ്ങൾ നശിച്ചുപോകാത്ത ആത്മീയ ആഹാരമായി അവർ സ്വീകരിക്കുന്നു. ഇത് യഥാർത്ഥ വിശ്വാസികളെ പുത്രൻ മുഖാന്തിരം പ്രകാശിപ്പിക്കുന്നു എന്ന് കാണിക്കുകയും അവനോടുകൂടെയുള്ള ആത്മീയ ഐക്യത്തിനും ദൈവിക വിജ്ഞാനത്തിനും അവരെ യോഗ്യരാക്കുകയും ചെയ്യുന്നു.

വീണ്ടും വിശുദ്ധ രഹസ്യങ്ങളാകുന്ന തീക്കട്ടയുടെ സംബന്ധം വരുവാനുള്ള ലോകത്തിലേക്കുള്ള, അതായത്, മശിഹായുടെ ആളത്വത്താൽ വിശുദ്ധവും ആലോചനക്കതീതവും വ്യതിചലിച്ചുപോകാത്ത അവന്റെ ആത്മീയ സന്തോഷത്തിന്റെ അച്ചാരവുമാകുന്നു. വീണ്ടും, വിശുദ്ധ ശരീര രക്തങ്ങളുടെ നമ്മുടെ സംബന്ധം ജഡപ്രകാരമുള്ള അവന്റെ പ്രത്യക്ഷതയാൽ നാം പ്രകാശിതരാകുന്നു എന്നും അവനിൽ നിന്നുള്ള യഥാർത്ഥ ജീവനാലും നിത്യമായ സന്തോഷങ്ങളാലും നാം പുഷ്ടിപ്പെട്ടു എന്നതിനുമുള്ള അടയാളമാകുന്നു. വീണ്ടും, വിശുദ്ധ രഹസ്യങ്ങളിലുള്ള പങ്കാളിത്തത്താൽ ശൂന്യമാക്കപ്പെട്ട (അർതലിയോ) ബുദ്ധി പൂർണ്ണമാക്കപ്പെട്ട് പരിശുദ്ധ ത്രിത്വത്തിന്റെ ധ്യാനത്തിന് അർഹമാക്കപ്പെട്ടു. ഇതിൽ നിന്ന് വിശുദ്ധന്മാർ നിലച്ചുപോകാത്ത പോഷണത്തിന് അർഹരായി.

വീണ്ടും, വിശുദ്ധ രഹസ്യങ്ങളുടെ ഖണ്ഡനം മുതൽ സ്വീകരണം വരെ മനുഷ്യാവതാരത്തിന് ശേഷമുള്ള സമയത്തെയും പൊതുവായ പുനരുത്ഥാനം വരെയും സൂചിപ്പിക്കുകയും ചെയ്യുന്നു. മാമോദീസായുടെ കൃപയും ശരീര-രക്തങ്ങളായ ആത്മീയ ആഹാരവും അതിന് നമ്മെ യോഗ്യരാക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അദ്ധ്യായം പത്തൊമ്പത്

കൂറോബോയെക്കുറിച്ച്
കുർബാനയുടെ അഞ്ചാം അദ്ധ്യായം

സ്വീകരിക്കുവാനായി നല്ലവണ്ണവും യോഗ്യവുമായി നിൽക്കണം എന്നിപ്രകാരം ശെമ്മാശ്ശൻ ഉദ്ബോധിപ്പിക്കുന്നു. അവർക്ക് നൽകപ്പെട്ട ജീവിപ്പിക്കുന്നതും മോചനം നൽകുന്നതുമായ അവാച്യങ്ങളായ വിശുദ്ധ രഹസ്യങ്ങളാകുന്ന ദാനങ്ങൾക്ക് വേണ്ടി നന്ദി അർപ്പിക്കുവാൻ അവൻ (ശെമ്മാശ്ശൻ) ജനത്തോട് ആഹ്വാനം ചെയ്യുന്നു.

പട്ടക്കാരൻ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ദൈവമായ കർത്താവേ നിനക്ക് ഞങ്ങൾ നന്ദി കരേറ്റുന്നു, ധാരാളമായി നന്ദി കരേറ്റുന്നു. ഈ പ്രാർത്ഥന അവൻ നമുക്ക് നൽകിയ ജീവൻ നൽകുന്ന വിശുദ്ധ രഹസ്യങ്ങൾക്കായി ദൈവത്തിന് നന്ദി അർപ്പിക്കുകയും വീണ്ടും അവ നമ്മുടെ പാപപരിഹാരത്തിനും വിശുദ്ധീകരണത്തിനും ആയിത്തീരുകയും എന്നാലോ ശിക്ഷാവിധിക്കായി തീരരുതേ എന്ന് അവനോട് അപേക്ഷിക്കുകയും ചെയ്യുന്നു. അത് നീതിയിലും വിശുദ്ധിയിലും നമ്മെ കാത്തുകൊള്ളണമേ എന്നും അങ്ങനെ വരുവാനുള്ള രാജ്യത്തിൽ എത്തിച്ചേരുന്നതിനും ആദിമുതൽ അവനെ പ്രീതിപ്പെടുത്തിയിട്ടുള്ള എല്ലാവരുടേയും അവകാശത്തിനും ഓഹരിക്കും യോഗ്യരാക്കപ്പെടുകയും ചെയ്യണമേയെന്നും വീണ്ടും അവനോട് യാചിക്കുകയും ചെയ്യുന്നു.

വീണ്ടും, ഇതിനെ ഏറ്റുപറച്ചിലിന്റേയും നന്ദിപ്രകടനത്തിന്റേയും പ്രാർത്ഥന എന്ന് പറയുന്നു. അത് എല്ലാ വിശ്വാസികളും അവർക്ക് ലഭിച്ച എല്ലാ കൃപകൾക്കായും അവരെ യോഗ്യരാക്കിയതിനായി പരസ്യമായി നന്ദി കരേറ്റുന്നതിനെ പ്രതിനിധീകരിക്കുന്നു. വീണ്ടും, ഈ ദൈവീക പന്തിഭോജനത്തിന് അവരെ അർഹരാക്കിയതിന് അവർ നന്ദി അർപ്പിക്കുന്നു. വീണ്ടും, രണ്ടാമത് ഒരു നന്ദി അർപ്പണത്തിലൂടെ അവസാന നാളിലെ (സമയത്തെ) ശരിയായ നന്ദി അർപ്പണം ഞങ്ങളെ പഠിപ്പിച്ചവന് നന്ദി അർപ്പിക്കുന്നു. വീണ്ടും നന്ദിയും സ്തോത്രവും അർപ്പിക്കുന്നതിലൂടെ കല്യാണവിരുന്നിലേക്ക് പ്രവേശിക്കുന്ന മരണമുള്ളവരെ ആത്മീയ പന്തിയിലേക്കും അവനോടുള്ള ഐക്യത്തിനും അർഹരാക്കിത്തീർത്തവന് എല്ലാവരുടേയും പൊതുവായ നന്ദിയെ സൂചിപ്പിക്കുന്നു.

കർത്താവിന്റെ മുമ്പാകെ നമ്മുടെ തലകളെ വണക്കണം എന്ന് ശെമ്മാശ്ശൻ പറയുന്നു. ദൈവമുമ്പാകെ അവരുടെ തലകളെ വണക്കണമെന്ന് അവൻ (ശെമ്മാശ്ശൻ) അവരോട് ആഹ്വാനം ചെയ്യുന്നു. കാരണം ഇവിടെ അവർക്കു വേണ്ടിയുള്ള പ്രാർത്ഥനയാണ് അദ്ദേഹം (പട്ടക്കാരൻ) പ്രാർത്ഥിക്കുന്നത്.

പട്ടക്കാരൻ, ആകാശം ചായിച്ചിറങ്ങിവന്നവനായ വലിയവനും വിസ്മയിക്കത്തക്കവനുമായ ദൈവമേ: അതായത്, ജനത്തോട് കരുണ ചെയ്യുവാനും അനുഗ്രഹങ്ങളെ പകരുവാനും പാപങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും കാത്തുകൊള്ളുവാനും ഈ പ്രാർത്ഥനയിലൂടെ പട്ടക്കാരൻ പുത്രനോട് യാചിക്കുന്നു.

അതുപോലെ കുർബാനയിലെ എല്ലാ പ്രാർത്ഥനകളും സംബോധന ചെയ്ത് പ്രാർത്ഥിക്കുന്നത് പിതാവിനോടാണെന്ന് ഇവിടെ മനസ്സിലാക്കുന്നത് ഉചിതമായിരിക്കും. എന്നാൽ ഇവിടെ കുർബാന അണയ്ക്കുന്ന പുരോഹിതൻ ക്രിസ്തുവിനെ സൂചിപ്പിക്കുന്നത് ദൈവവും മനുഷ്യരും തമ്മിലുള്ള മധ്യസ്ഥനായാണ് എന്നത് പ്രസ്താവ്യമാണ്. ക്രിസ്തുവിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് അവൻ തന്റെ ശരീരവും രക്തവും എന്നാണ് അവയെ വിളിക്കുന്നത്. അതുകൊണ്ട് പിതാവേ ഞങ്ങളുടെമേൽ കരുണ ചെയ്യുകയും ഞങ്ങളുടെ മേലും വച്ചിരിക്കുന്ന കുർബാന മേലും നിന്റെ പരിശുദ്ധാത്മാവിനെ അയക്കണമേ എന്ന് റൂഹാക്ഷണപ്രാർത്ഥനയിൽ പിതാവിനോട് അപേക്ഷിക്കുന്നു (മ്മാലെൽ). അതുപോലെ പട്ടക്കാരൻ കർത്താവിന്റെ രക്ഷാകരപ്രവർത്തനങ്ങളെ അനുസ്മരിക്കുമ്പോൾ അവൻ വചനമായ ക്രിസ്തുവിന് നേരേ തിരിഞ്ഞ് കർത്താവേ നിന്റെ മരണത്തേയും ഉയിർത്തെഴുന്നേൽപ്പിനേയും മറ്റും ഞങ്ങൾ ഓർക്കുന്നു എന്ന് പറയുന്നു. എന്നാൽ ഈ പ്രാർത്ഥനയുടെ അവസാനത്തിൽ മറ്റുള്ള പ്രാർത്ഥനകളേപ്പോലെ തന്റെ വാക്കിലൂടെ പിതാവിനോട് പറഞ്ഞുകൊണ്ട് ക്രിസ്തുവിനോട് നീ മുഖാന്തിരവും ഇപ്രകാരം പറയുന്നു. ഉടൻതന്നെ വിശ്വാസികൾ പട്ടക്കാരന് പിന്നാലെ പിതാവിനോട് സർവ്വശക്തനായ പിതാവാം ദൈവമേ ഞങ്ങളോട് കരുണ ചെയ്യണമേ എന്ന് പറയുന്നു. അതുകൊണ്ട് അവസാനത്തെ ഈ പ്രാർത്ഥന ഒഴികെ കുർബാനയിലെ എല്ലാ പ്രാർത്ഥനകളും പിതാവിനേയാണ് സംബോധന ചെയ്യുന്നത്. ഇതിൽ പട്ടക്കാരൻ പുത്രനോട്



നന്ദി പറയുന്നു. കാരണം അവൻ മുഖാന്തിരമാണ് നമുക്ക് പിതാവിന്റെ പക്കൽ പ്രവേശനമുണ്ടായത് (കൂറോബോ). അവന്റെ വചനങ്ങൾ പോലെ അവനിൽ വ്യാജമില്ല, അവനാകുന്നു നമ്മെ പിതാവിങ്കലേക്ക് നയിക്കുന്ന വഴിയും അവങ്കലേക്ക് കയറ്റുന്ന വാതിലും.

കുർബാനയിലെ ഏതെങ്കിലും പ്രാർത്ഥന പിതാവിനോടല്ലാത്തത് ഉണ്ടെങ്കിൽ അത് പകർത്തിയെഴുതിയവരുടെ പിഴയാണ് അല്ലെങ്കിൽ പരിശീലനം ലഭിക്കാത്തവരോ അജ്ഞാനികളോ ആയ പട്ടക്കാരാൽ എഴുതപ്പെട്ടതാണ്. നാം പറഞ്ഞതുപോലെ പുത്രനെ സംബോധന ചെയ്യുന്ന അവസാനത്തെ ഈ പ്രാർത്ഥന ഒഴികെ മറ്റെല്ലാം ആരെങ്കിലും അത് ശരിയാക്കി പിതാവിനെ സംബോധന ചെയ്യുന്നതാക്കുന്നത് ഉചിതമാണ്.

നാം മേൽ കണ്ടതുപോലെ പട്ടക്കാരൻ ക്രിസ്തുവിന്റെ സ്ഥാനം വഹിക്കുകയും ദൈവത്തിനും മനുഷ്യനും ഇടയിൽ നിൽക്കുകയും ചെയ്യുന്നു. അവസാനത്തെ പ്രാർത്ഥന പുത്രനെ സംബോധന ചെയ്യുന്നതിന് കാരണം അവൻ മുഖാന്തിരമാകുന്നു നമുക്ക് പിതാവിനോട് സാമീപ്യം ഉണ്ടായത്. അതുകൊണ്ട് ഈ പ്രാർത്ഥനയിലൂടെ അവന് നന്ദി അർപ്പിക്കുകയും അവനിൽ നിന്ന് കൃപകൾ പ്രാപിക്കുകയും ചെയ്യുന്നു. കാരണം നാം പിതാവിൽ നിന്ന് അകന്നവരും തള്ളപ്പെട്ടവരും ആയിരുന്നു. എന്നാൽ അവൻ മുഖാന്തിരം അവൻ (പിതാവ്) നമ്മെ വിളിക്കുകയും അവനോട് ചേർക്കുകയും ചെയ്തു.

കുർബാനയെക്കുറിച്ചും സഭയേക്കുറിച്ചും പൂർണ്ണമായതും ചുരുക്കമായതുമായ ധ്യാനം

വീണ്ടും നാം പറയുന്നു, ബലിപീഠം കൂടാതെ ശരീരം ഇല്ല പട്ടക്കാരൻ പൂർത്തീകരിക്കാതെ ശരീരവും ഇല്ല. ബലിപീഠവും ശരീരവും അതായത്, ബലിയും കുർബാനയും പട്ടക്കാരനും അർപ്പകനും സകലവും അമ്മാനുവേൽ ആകുന്നു. വീണ്ടും നാം പറയുന്നു, വിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണം മുതൽ (വി. കുർബാനയുടെ) അവസാനം വരെയുള്ള ഭാഗം വരുവാനുള്ള ലോകത്തെ സൂചിപ്പിക്കുന്നു. അതായത്, വലിയതും വിസ്മയിക്കത്തക്കതുമായ രഹസ്യം നമ്മെ വിശുദ്ധീകരിക്കുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും.

വീണ്ടും, നമുക്ക് ചുരുക്കി പറയാം

ഹൈക്കലാ വെടിപ്പുള്ള ആത്മാവിനെ സൂചിപ്പിക്കുന്നു. ബലിപീഠം (മദ്ബഹാ) ശുദ്ധമായ ഹൃദയത്തെ സൂചിപ്പിക്കുന്നു. വൈദികൻ നന്മകൾ പ്രവർത്തിക്കുന്ന മനസ്സാക്ഷിയെ സൂചിപ്പിക്കുന്നു. ശരീര രക്തങ്ങളാകട്ടെ രഹസ്യ നിക്ഷേപങ്ങളും നന്മകളും ആകുന്നു. സമാധാനം ചോദിക്കുന്നതിലൂടെ പൊതുവായ ഐക്യം കാണിക്കുന്നു. രഹസ്യപ്രാർത്ഥനയിൽ (ഗഹന്താ) തല കുനിക്കുന്നത് ആത്മീയമായ ആരാധനയെ സൂചിപ്പിക്കുന്നു. ശോശപ്പാ ഉയർത്തുന്നതിലൂടെ മറഞ്ഞും നിഗൂഢവുമായിരിക്കുന്നവയുടെ അറിവും പൊതുവായ ഐക്യം പ്രധാനാചാര്യത്വത്തെയും പരിശുദ്ധാത്മ ആവാസം ദൈവികമായ കൃപയേയും സൂചിപ്പിക്കുന്നു. പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ അതായത് ത്രൈശുദ്ധ കീർത്തനം പരിശുദ്ധ ത്രിത്വത്തിന്റെ ധ്യാനത്തെയും മാളികമുറിയിലെ വിവരണം പൗരോഹിത്യ വൃത്തികളെക്കുറിച്ചും മരണത്തേക്കുറിച്ചുള്ള ഓർമ്മ ജീവൻ നൽകുന്നതിന്റെ സാദൃശ്യവും പരിശുദ്ധാത്മ ആവാസം ദൈവികമായ ദാനത്തേയും സൂചിപ്പിക്കുന്നു.

സ്ലീബായുടെ മുദ്ര വഴി ആലോചനകളുടെ പൂർത്തീകരണവും സൂചനാപരമായ ഐക്യം വഴി ആത്മീയമായ ഐക്യവും ജീവനുള്ളവരുടേയും മരിച്ചവരുടേയും ഓർമ്മ എല്ലാവരുടേയും പാപപരിഹാരത്തിനു വേണ്ടിയുള്ള യാചനയും ഖണ്ഡിപ്പും മുദ്ര ചാർത്തലും ബൗദ്ധിക ബലിയുടെ പൂർണ്ണതയും സ്ലീബായുടെ മുദ്രയും പരിശുദ്ധ നാമങ്ങളുടെ ആഹ്വാനവും പരിശുദ്ധ ത്രിത്വത്തിന്റെ പരിപൂർണ്ണതയേയും സൂചിപ്പിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന വഴി കുടുംബാംഗത്തേപ്പോലെ വിളിക്കുവാനുള്ള അവകാശവും വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്ക് എന്നതുവഴി അത്യുന്നതമായ ആർപ്പുവിളിയെ (രണ്ടാമത്തെ വരവിലെ എതിരേൽപ്പിനെ) സൂചിപ്പിക്കുന്നു. വിശുദ്ധമായവയുടെ സ്വീകരണം സ്വർഗ്ഗീയമായ വിരുന്നിനെ സൂചിപ്പിക്കുന്നു. സതോത്രവും നന്ദിയും എല്ലാറ്റിനും വേണ്ടിയും എല്ലാറ്റിനേ പ്രതിയുമുള്ള നന്ദിയും സൂചിപ്പിക്കുന്നു. ഇപ്പോൾ സഹോദരങ്ങളെ നിങ്ങൾ ആവശ്യപ്പെട്ടതുപോലെ കുർബ്ബാനയെക്കുറിച്ച് ധ്യാനാത്മകമായും ചുരുക്കത്തിലും ഞാൻ എഴുതി. ഈ വ്യാഖ്യാനത്തിൽ ആക്ഷരികമായ വ്യാഖ്യാനത്തിന് ശേഷം ഞങ്ങളെക്കൊണ്ട് ആവുന്ന തരത്തിൽ ആത്മീയമായ അർത്ഥവും നൽകിയിരിക്കുന്നു.

കുർബ്ബാനയുടെ അവസാനത്തിൽ കിഴക്കിന്റെ സമ്പ്രദായം അനുസരിച്ച് ശെമ്മാശ്ശൻ പറയുന്നു, ബാറെക്മോർ, സമാധാനത്തോടെ പിരിഞ്ഞുപോകുക. അതായത്, സമാധാനത്തോടും ശാന്തിയോടും പിരിഞ്ഞുപോകുവാൻ അവൻ ജനത്തോട് കൽപ്പിക്കുന്നു. ജനം പറയുന്നു, ഞങ്ങളുടെ ദൈവമായ കർത്താവിന്റെ നാമത്തിൽ. അതായത്, നീ ഞങ്ങളോട് കൽപ്പിച്ച പ്രകാരം ബലവാനായ ദൈവത്തിന്റെ നാമത്തിൽ ഞങ്ങൾ പിരിഞ്ഞു പോകുന്നു. എന്നാൽ പാശ്ചാത്യ ദേശത്ത് ശെമ്മാശ്ശൻ ബാറെക്മോർ എന്ന് പറയുന്നതൊഴിച്ച് ഇത് പറയുന്നില്ല. എന്നാൽ, ഞങ്ങളെ അനുഗ്രഹിക്കണമേ ഞങ്ങളെ കാത്തുകൊള്ളണമേ എന്നിത്യാദി പട്ടക്കാരൻ പറയുന്നു. ഉടൻ ജനം പറയുന്നു ഞങ്ങൾ നിന്റെ ശരീരം ഭക്ഷിക്കുകയും ജീവനുള്ള നിന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നു. ഈ അപേക്ഷയ്ക്ക് പിന്നാലെ പട്ടക്കാരൻ ജനങ്ങളുടെ നേരേ തിരിഞ്ഞ് മൂന്ന് പ്രാവശ്യം സ്ലീബാ റൂശ്മാ ചെയ്തു കൊണ്ട് പറയുന്നു ഞാൻ നിങ്ങളെ കൃപയ്ക്ക് ഭരമേൽപ്പിക്കുന്നു: അതായത്, മൂന്ന് ക്നൂമാകളായി സ്ഥിതി ചെയ്യുന്ന പരിശുദ്ധ ത്രിത്വമാകുന്ന ദൈവത്തിൽ ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുന്നു. അവന്റെ കൃപയാൽ അവൻ നിങ്ങളുടെ വഴികളിൽ നിങ്ങളോടുകൂടെ ഞങ്ങളേയും പരിപാലിക്കുകയും ചെയ്യട്ടെ.

പട്ടക്കാരൻ ഭരമേൽപ്പിച്ചുകൊണ്ട് പറഞ്ഞ് സ്ലീബാ വരയ്ക്കുമ്പോൾ വലതുകൈ ബലിപീഠത്തിന്മേൽ വയ്ക്കുകയും ജനത്തിന് നേരേ തിരിഞ്ഞ് അവരുടെ മേൽ സ്ലീബാകൾ വരയ്ക്കണം. നിങ്ങൾ ത്രിത്വത്തിന് ഭരമേൽപ്പിക്കുന്നു എന്ന് പറയുന്നത് ശരിയല്ല എന്നാലോ ഞങ്ങൾ നിങ്ങളെ ഭരമേൽപ്പിക്കുന്നു എന്ന് പറയണം. കാരണം അതാണ് ശരിയായിട്ടുള്ളത്.

സഹോദരാ, കർത്താവിന്റെ താങ്ങും സഹായവും കൊണ്ട് നീണ്ടതും പൂർണ്ണമായതും ആയ ഈ ഉദ്യമവും അതുപോലെ ശുശ്രൂഷയും നിന്റെ ആഗ്രഹവും നാം ഇവിടെ പൂർണ്ണമാക്കുന്നു. വിശുദ്ധ പട്ടണമായ യേരുശലേമിലെ മെത്രാപ്പോലീത്തായായ മാർ ഇഗ്നാത്തിയോസിന്റെ വാക്ക് നിവൃത്തിക്കുന്നു. അതായത് സമാധാനപരമായ കാഴ്ച്ച. ശുദ്ധമായ ആത്മാവും വെടിപ്പുള്ള ചിന്തയോടും കുറവുള്ളവനും ബലഹീനനും മെസപ്പൊത്താമിയായിലെ ആമീദിൽ താമസിക്കുന്നവനുമായ ദീവന്നാസ്യോസ് എന്ന എനിക്കുവേണ്ടി നീ പ്രാർത്ഥിക്കണം. അങ്ങനെ ആത്മാവിലും ശരീരത്തിലും ഉണ്ടാകാവുന്ന എല്ലാ പരീക്ഷണങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും രക്ഷപ്പെടുകയും ദുഷ്ടന്റെയും ദുഷ്ടന്റെ പിതാവിന്റേയും ആക്രമണങ്ങളിൽ നിന്ന് മോചിതനായി നല്ല അന്ത്യം പ്രാപിക്കുവാൻ ഇടയാകുകയും ചെയ്യട്ടെ. ആമ്മീൻ.

(തുടരും)

മേടം മൂന്നോടിരുപതോ നാലോടിരുപതോ?

ഡെറിൻ രാജു

മേടം നാലോടിരുപതു തന്നിൽ... എന്നാരംഭിച്ചിരുന്ന മാർ ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ദിവസത്തിലെ ഹൂത്തോമോ പ്രസിദ്ധമായ ഒന്നാണ്. എന്നാൽ കുറച്ച് വർഷങ്ങളായി മേടം മൂന്നോടിരുപതു തന്നിൽ... എന്ന രീതിയാണ് കേൾക്കുന്നത്. ചിലർ പഴയ രീതിയിൽ 'നാലോടിരുപത്' തന്നെ ഉപയോഗിക്കുന്നു. ഇതിനു പിന്നിലെ കാരണമെന്താണ്?

പാശ്ചാത്യ – പൗരസ്ത്യ സഭകൾ വലിയ സഹദായായി പരിഗണിക്കുന്ന മാർ ഗീവറുഗീസ് സഹദായുടെ പെരുന്നാൾ പൗരസ്ത്യ സുറിയാനിയിൽ നീസാൻ 24-ഉം പാശ്ചാത്യ സുറിയാനിയിൽ നീസാൻ 23-ഉം ആയിരുന്നു.

സുറിയാനി കണക്കിലായപ്പോൾ നീസാൻ മേടമായി. അങ്ങനെ മേടം 23-ഉം 24-ഉം സഹദായുടെ പെരുന്നാളായി. അന്ത്യോഖ്യൻ ബന്ധത്തിനു മുമ്പ് മേടം 24 ആയിരുന്നു പെരുന്നാൾ. 18-ാം നൂറ്റാണ്ടിൽ പാശ്ചാത്യ – പൗരസ്ത്യ പ്രതിസന്ധികൾക്കിടയിൽ ഈ രണ്ട് ദിവസവും പെരുന്നാളായി. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം ആണല്ലോ പൂർണമായി അന്ത്യോഖ്യൻ രീതിയിലേക്ക് മാറിയത്. പിന്നീട് മേടം 23 തന്നെയായി. എങ്കിലും ഔഗേൻ ബാവാ ഹൂത്തോമോ എഴുതിയപ്പോൾ പഴയ രീതിയുടെ സ്വാധീനം കൊണ്ടാകാം മേടം (നീസാൻ) 24 തന്നെ ഉപയോഗിച്ചു. സി. പി. ചാണ്ടി സാറിന്റെ സഹായത്തോടെ അത് മേടം 24 (നാലോടിരുപത്) എന്ന് കാവ്യവത്ക്കരിച്ചു.

സുറിയാനി കണക്ക് നോക്കിയാൽ മേടം 23 എന്നത് മെയ് 6 ആണ്. കൊല്ല വർഷം മേടം 23 നോക്കിയാൽ അത് മെയ് 7 or 8 വരും. പുതുപ്പള്ളി, എടത്വ, ഇടപ്പള്ളി (മെയ് 4) പെരുന്നാളുകൾ ഈ സമയത്താണല്ലോ വരുന്നത്. മാർത്തോമാ ഏഴാമൻ സ്ഥാനം പ്രാപിച്ചതും മേടം 24 (05-05-1796) ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ദിവസമായിരുന്നു.

ഇപ്പോൾ ഏപ്രിൽ 23 ആണ് ഏതാണ്ട് സാർവ്വത്രികമായി അംഗീകരിച്ച തീയതി. ലത്തീൻ രീതിയിൽ ഏപ്രിൽ 23 ആയിരുന്നു നേരത്തെ തന്നെ.



പ്രുമിയോനുകളും ഹൂത്തോമോകളും എന്ന പുതിയ പുസ്തകത്തിൽ മേടം 23 (മൂന്നോടിരുപത്) എന്നതാണ് ഉപയോഗിച്ചിരിക്കുന്നത്. അവസാനം ഇറങ്ങിയ ആണ്ടക്കമുള്ള ഹൂത്തോമോകളിൽ മേടം 24 (നാലോടിരുപത്) എന്ന് തന്നെ തുടരുന്നു. രണ്ട് പുസ്തകത്തിൽ രണ്ട് രീതിയിൽ കിടക്കുന്നതാണ് രണ്ട് രീതിയിൽ ചൊല്ലി കേൾക്കുന്നതിന്റെ കാരണം. ആണ്ടക്കമുള്ള ഹൂത്തോമോകളുടെ പുതിയ പതിപ്പ് ഇറക്കുമ്പോൾ രണ്ടും ഒരേ തീയതി ആക്കുന്നതാണ് അഭികാമ്യം. ഏപ്രിൽ 23 എന്ന തീയതിയെ സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് മേടം 23 (മൂന്നോടിരുപത്) എന്നത് സ്വീകരിക്കുകയായിരിക്കും നല്ലത്. അങ്ങനെ ചെയ്യുന്നപക്ഷം ഹൂത്തോമോ പുസ്തകത്തിലെ സുറിയാനിയിൽ ܒܥܣܪܝܢ ܘܐܪܒܥܐ എന്നത് ܒܥܣܪܝܢ ܘܬܠܬܐ എന്നു മാറ്റുന്നതുമാകും ഉചിതം.

Church Teachers

Mylapra Mathews Ramban

Dr. Paulos Mar Gregorios

It has been five years today since Mylapra Mathews Rambachan left for heavenly abode. I have great respect for Rambachan, who lived as a Ramban for forty-eight years, spent his time in solitude and silence without any of the ambitions often seen in ordinary Rambans, and rose to become an unknown saint due to a profound experience of God's love. As an example of this exemplary life, we can see more than five thousand pages of his own handwritten inscriptions.

Three different types of monastic practices arose in the Eastern tradition of Christianity. First, the solitary hermitage associated with the name of Saint Anthony. Mylapra Rambachan's ascetic life is very close to this. This practice emphasizes solitude, silence, meditation and fasting.

The second major monastic tradition was the social monastic movement that originated in the Egyptian desert itself and spread elsewhere. Saint Mar Pachomius is the founder of this movement. He established more than nine monasteries, bringing together many solitary monks and inculcating a common rule and way of life for them, and building churches where necessary. One of them was for women. Saint Pachomius counselled that many of the selfish tendencies found in the solitary hermit could only be extinguished by an organized community. The monastic movement of St. Pachomius was a way of life in dependence on God, humility, and obedience, with nothing of one's own, giving everything to the community. A monk has his own freedom. Saint Pachomius did not attempt to establish uniformity in secret prayer, diet, and dress. The movement originated in Egypt and soon spread to Ethiopia, Nubia (Sudan), Syria, and Palestine. Much of the spirituality of the Christian Church in the fourth and fifth centuries arose from this movement.

A third unique monastic system is that established by Saint Mar Baselios in what is now Asia Minor. A peculiarity of this monastic system, which gave equal importance to prayer, fasting, and social discipline, was that all monks should feed and uplift the poor around them with the labour of their own hands. Saint Baselios and his fellow monks tried hard to solve all the problems of the surrounding society. For example, when there was a food shortage in a country, it was common even then for profit-seeking merchants to hoard grain and raise its price. When this happened, Saint Baselios himself confronted these traders and used his great love and eloquence to bring out the hoarded grain and sell it at a low price. It is the practice of Baselian monks and p. It was also a habit of Baselios himself.

Later variations of the monastic movement were an amalgamation of these three practices. Cave dwelling, solitude and silence were given special importance in the Syrian monastic movement. But at the same time, dramatic self-restraints emerged that were absent from all three movements. There were monks in Syria like Shemawun Destunoyo, who built a stone pillar and sat on top of the pillar doing penance. Monks were also seen in Syria who did penance standing on one leg without sleeping or eating. A monastic movement also arose in Syria called the Ereyanmaar, or the Awake, who alternate twenty-four hours in groups of two or three who give thanks to God without interruption.



However, the first three movements, namely, those founded by Antonius, Pachomius and Baselios, are the foundation of the Eastern monastic tradition. Of these, Mylapra Rambachan was a combination of the first and second methods. Although he himself did not live long under social discipline, he brought up several his fellow monks under a social discipline. But in reality, he was a recluse monk (Yihidoyo).

Yihidoyo and Dayaroyo were two branches of the Eastern monastic movement. 'Dayaro' means home. Monasteries were considered as abodes of God. Those who did not belong to it were addressed as 'Olam' or 'Olmoye' because their abode was 'Olam' or the world. 'Almayakaran' means one who is not a resident of the world or a resident of the world. It does not mean that he is not a priest. But among the residents of Dayara, permission was given by Dayara itself to some special persons to go to a corner of Dayara, or to go to a forest or a cave and do solitude. After several years of solitary penance, the ascetic used to come back to Dayara again. The main limitation of solitude was that there was often no possibility of regular participation in community prayer and Holy Communion.

Although our Mylapra Rambachan was a recluse and a sage, he also held a high place for community prayer and the Holy Eucharist.

Moreover, chief among the characteristics of a good ascetic are immeasurable humility and unblemished childlike purity. In both, Rambachan was second to none. Although he did not have the opportunity to learn humility etc. under the tutelage of another Guru, he practiced humility and purity himself. I can say from my knowledge that Rambachan had an innocent mind. The basis of my great respect for him was this purity, humility, and his unceasing prayer. There are not many such saints in our church even today. Mylapra Rambachan was not a scholar like Saint Parumala Thirumeni. But like Parumala Thirumeni in prayer and fasting, Rambachan was as austere and devoted.

I remember with special fondness Rambachan, who has often inspired me personally. I offer my most humbly oblation on those thripadas. I request that holy man to pray especially for me, for my church, and for my world.

❑

വചനതീർത്ഥം



“കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ?”

പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച

വി. യോഹന്നാൻ 21:1–14.

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ആയ ഞായറാഴ്ച യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ യഹൂദന്മാരെ ഭയന്ന് വാതിൽ അടച്ചിരിക്കെ അവർ പാർത്ത ആ മുറിയിൽ അവൻ വന്ന് അവർക്ക് പ്രത്യക്ഷപ്പെട്ടു. “നിങ്ങൾക്ക് സമാധാനം” എന്നു പറഞ്ഞ് തന്റെ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. അവർക്ക് പാപമോചന അധികാരവും നൽകി. ഈ സമയത്ത് ശിഷ്യന്മാരിൽ ഒരുവനായ തോമസ് അവിടെ ഉണ്ടായിരുന്നില്ല. ഈ സംഭവിച്ച കാര്യങ്ങൾ ഒക്കെ മറ്റു ശിഷ്യന്മാർ തോമസിനോടു പറഞ്ഞപ്പോൾ തോമസ് പറഞ്ഞു ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല (വി. യോഹന്നാൻ 20:25). അങ്ങനെ എട്ടുദിവസം കഴിഞ്ഞപ്പോൾ തോമസും ഉണ്ടായിരുന്ന ഒരു സമയത്തു യേശുതമ്പുരാൻ രണ്ടാമതും അവർക്ക് പ്രത്യക്ഷപ്പെട്ടിട്ട് തോമസിനെ വിളിച്ച് കർത്താവ് തന്റെ കൈകളും വിലാപ്പുറവും കാണിച്ചുകൊടുത്തു. അങ്ങനെ ശിഷ്യന്മാരെ എല്ലാവരെയും താൻ സത്യമായി ഉയിർത്തെഴുന്നേറ്റു എന്ന് അവൻ ബോദ്ധ്യപ്പെടുത്തി. അവർ അത് വിശ്വസിക്കുന്നു.

എന്നാൽ ഈ ശിഷ്യന്മാരെ സംബന്ധിച്ച് കഴിഞ്ഞ മൂന്ന് മൂന്നര വർഷക്കാലം യേശുതമ്പുരാൻ അവരോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു. ഈ ശിഷ്യന്മാരും വിവിധ ജോലികളിൽ ഏർപ്പെട്ടവർ ആയിരുന്നു. മുക്കുവർ, ചുങ്കം പിരിക്കുന്നവർ. ഇവർ ഈ ജോലി എല്ലാം ഉപേക്ഷിച്ചാണ് യേശുവിനെ പിൻപറ്റിയത്. എന്നാൽ അവർ ആരുടെ കൂടെ എല്ലാം ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ചുവോ ആ ആൾ ഇപ്പോൾ ശാരീരികമായി അവരോടൊപ്പം ഇല്ല. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഇനിയും എന്ത് എന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തതയും ഇല്ലാതെ ആശങ്കപ്പെട്ടിരുന്നവർ, അവർ ഓരോരുത്തരും തങ്ങളുടെ പഴയകാല ജീവിതത്തിലേക്ക്, പഴയ ജോലിയിലേക്ക് തിരച്ചുപോയി കഴിഞ്ഞപ്പോൾ ഇവരെ ഒന്നുകൂടി വിശ്വാസത്തിൽ ഉറപ്പിക്കുവാനായി യേശുതമ്പുരാൻ മൂന്നാമതും അവർക്ക് പ്രത്യക്ഷപ്പെടുന്നു. പത്രോസ് മഗ്ദലനമറിയം ഉൾപ്പെടെയുള്ള വ്യക്തികൾക്ക് പല പ്രാവശ്യം പ്രത്യക്ഷപ്പെടുന്നു എങ്കിലും ശിഷ്യസമൂഹത്തിനു മുഴുവനായി മൂന്നാം പ്രാവശ്യവും പ്രത്യക്ഷപ്പെടുന്നു. ഇതു മുറി അടച്ചിരിക്കുമ്പോൾ ഒന്നും അല്ല. അവർ അവരുടെ പഴയജോലിയിലേക്ക് പ്രവേശിച്ച് അദ്ധ്വാനിച്ച് അവശരായി ഇരിക്കുമ്പോളാണ് അവൻ വന്നു പ്രത്യക്ഷപ്പെട്ട് അവരെ ധൈര്യപ്പെടുത്തുന്നത്.

ഇത് തിബെര്യാസ് കടലിൽ വച്ചായിരുന്നു യേശുതമ്പുരാൻ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത്. ഇനിയും എന്ത്? എങ്ങനെ? എവിടെ നിന്ന് ആരംഭിക്കും? എങ്ങോട്ടേക്ക് പോകണം എന്നെല്ലാം ഉള്ള ചിന്തകളാൽ ഭാരപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പത്രോസും തന്റെ സഹപ്രവർത്തകരായ ആറ് ശിഷ്യന്മാരും, തോമസ്, നഥനയേൽ, യാക്കോബ്, യോഹന്നാൻ, വേറെ രണ്ടു പേർ എന്ന് പറയുന്നത് ഒന്നു പത്രോസിന്റെ സഹോദരനായ അന്ത്രയോസും, നഥനയേലിനെ യേശുതമ്പുരാന്റെ അടുക്കലേക്ക് കൊണ്ടുവരുന്ന ഫീലിപ്പോസും ആണ്. ഈ കൂട്ടത്തിൽ തോമസും ഉള്ളതിനാൻ ആദ്യത്തെ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ തോമസില്ലെങ്കിലും പിന്നീടുള്ള എല്ലാ സമയത്തും ശിഷ്യന്മാരോടൊപ്പം തോമസും ഉണ്ടായിരുന്നു. ഈ ശിഷ്യന്മാരിൽ ഏറ്റവും പ്രായംകൂടിയ പത്രോസ് അവരോടു പറയുന്നു, “ഞാൻ മീൻ പിടിക്കാൻ പോകുന്നു.” അപ്പോൾ മറ്റുള്ളവർ നീ മീൻ പിടിക്കാൻ പോവുകയാണെങ്കിൽ ഞങ്ങളും നിന്നോടൊപ്പം വരുന്നു എന്നു പറഞ്ഞ് എല്ലാവരും കൂടി മീൻ പിടിക്കാനായി പോകുന്നു. ഇതിനെ നാം മറ്റൊരു രീതിയിൽ കാണേണ്ട ആവശ്യകത ഇല്ല. കാരണം അവരുടെ തൊഴിൽ ആണ് മീൻ പിടിക്കുക എന്നുള്ളത്. കാരണം കഴിഞ്ഞ കുറെ നാളുകളായി അവർ ശരിക്ക് ഭക്ഷണം കഴിക്കുകയോ ഉറങ്ങുകയോ ചെയ്തിട്ടില്ലായിരിക്കാം. കർത്താവ് ഏതായാലും ഉയിർത്തെഴുന്നേറ്റു ഇനിയും നമുക്ക് ആദ്ധ്വാനിച്ച് ജീവിക്കാം എന്നുള്ള ചിന്തയിലായിരിക്കാം അവർ പഴയ ജോലിയിലേക്ക് തിരികെ പോയത്. ഏതായാലും അവർ ഐകമത്യത്തോടെ എല്ലാവരും കൂടി പടകിൽ കയറി രാത്രിയിൽ മീൻ പിടിക്കാനായി പോകുന്നു. സാധാരണ രാത്രി സമയത്താണല്ലോ മീൻ പിടിക്കുന്നത്. എന്നാൽ ഈ പ്രാവശ്യം രാത്രി മുഴുവൻ അവർ അദ്ധ്വാനിച്ചിട്ടും ഒന്നും ഒരു പൊടിമീനെപ്പോലും കിട്ടിയില്ല. മീൻ പിടുത്തത്തിൽ വളരെ അഗ്രഗണ്യരായ ഈ മുക്കുവർ രാത്രി മുഴുവനും ആദ്ധ്വാനിച്ചിട്ടും ഒരു മീനെപ്പോലും കിട്ടാതിരുന്നപ്പോൾ അവർ വലിയ നിരാശയിലും സങ്കടത്തിലും ആയി. മാത്രമല്ല രാത്രി മുഴുവൻ ഉറങ്ങാതെ അദ്ധ്വാനിച്ചതിനാൽ വളരെ ക്ഷീണിതരായും അവർ കാണപ്പെട്ടു.

ഇങ്ങനെ ക്ഷീണിതരായും, നിരാശയിലും, സങ്കടത്തിലും രാത്രി മുഴുവൻ കഴിച്ചുകൂട്ടിയ ശിഷ്യന്മാർ പുലർച്ചയായപ്പോൾ തീരത്ത് ഒരാൾ നിന്നുകൊണ്ട് അവരോടു ചോദിക്കുന്നു “കുഞ്ഞുങ്ങളേ കൂട്ടുവാൻ വല്ലതും ഉണ്ടോ.” ആദ്യം അവർക്ക് വളരെയധികം കോപം വന്നാലും തങ്ങളോട് സംസാരിക്കുന്നത് ആർ എന്നു മനസിലാക്കാതെ അവർ ഇല്ല എന്നു മറുപടി പറഞ്ഞു. പടകിന്റെ വലതുവശത്തു വലവീശുവിൻ എന്നാൽ നിങ്ങൾക്ക് കിട്ടും എന്നു പറഞ്ഞു. അവർ ഉടനെ തന്നെ ഒട്ടും മടിക്കാതെയും സംശയിക്കാതെയും ചോദ്യം ചെയ്യാതെയും അതുപോലെ തന്നെ ചെയ്തു. പടകിന്റെ വലതുവശത്തു വലവീശി. അത്ഭുതം എന്നു പറയട്ടെ വല വലിച്ചു കയറ്റാൻ കഴിയാത്തവിധം വിവിധതരം വലിയ മത്സ്യങ്ങൾ വല നിറച്ച് അവർക്ക് ലഭിക്കുന്നു. ഈ സമയത്ത് ശിഷ്യന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞവനായ യോഹന്നാൻ, കരയിൽ നിൽക്കുന്നതും തങ്ങളോടു സംസാരിക്കുന്നതും തങ്ങളുടെ ഗുരുവായ യേശുവാണെന്നു മനസ്സിലാക്കി പത്രോസിനോടു പറയുന്നു, “അതു കർത്താവാകുന്നു.” ഇതു കേട്ട ഉടനെ ഒന്നുംചിന്തിക്കാതെ തന്നെ കർത്താവിന്റെ സന്നിധിയിൽ എത്തുവാനായി പത്രോസ് അങ്കിഅരയിൽചുറ്റി കടലിൽ എടുത്തുചാടി കർത്താവിന്റെ അടുക്കലേക്ക് എത്തുന്നു. ബാക്കിയുള്ള ശിഷ്യന്മാർ മീൻനിറഞ്ഞ വലയുമായി ചെറുപടകുകളിൽ കരയിലേക്ക് വരുന്നു. 153 വലിയ മീൻ നിറഞ്ഞ വല പത്രോസ് കരയിലേക്ക് വലിച്ചുകയറ്റി. ശിഷ്യന്മാർ എല്ലാവരും കരയിൽ എത്തിയപ്പോൾ തീക്കനലിന്മേൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കാണുന്നു. യേശുതമ്പുരാൻ അവരോടു ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവാൻ കല്പിച്ചു. യേശുതമ്പുരാൻ അവർക്കുവേണ്ടി പ്രാതലും തയ്യാറാക്കി കാത്തിരിക്കുന്നു. അവർ എത്തിയപ്പോൾ യേശുതമ്പുരാൻ അവരോടു വന്നു പ്രാതൽ കഴിക്കാനായി പറഞ്ഞു. അവൻ വന്ന് അപ്പവും മീനും അവർക്ക് കൊടുത്തു. ശിഷ്യന്മാർ യേശുവിനോടൊത്തു പ്രാതൽ കഴിക്കുന്നു. ഈ ഭാഗത്തുനിന്നു നമുക്ക് മനസിലാക്കാൻ സാധിക്കുന്ന ചില ചെറിയ ചിന്തകൾ

അദ്ധ്വാനശീലരായ ശിഷ്യന്മാർ

ഞാൻ മീൻ പിടിക്കാൻ പോവുകയാണ് എന്ന് പത്രോസ് ശ്ലീഹാ പറയുന്നത് അവർ കർത്താവിന്റെ ജോലി ഉപേക്ഷിച്ചതുകൊണ്ടോ നിരാശയുടെ ഫലമായിട്ടോ അല്ല. അവർക്ക് ആ കാലത്ത് പ്രത്യേകമായ ജോലി ഒന്നും ഉണ്ടായിരുന്നില്ല പരിശുദ്ധാത്മ ദാനം പ്രാപിച്ചിരുന്നില്ല. പൊതുവേ ദരിദ്രകുടുംബത്തിൽ നിന്നും കടന്നുവന്നവരായതിനാൽ നിത്യവൃത്തിക്കും ബുദ്ധിമുട്ടുണ്ടായിരുന്നിരിക്കാം. ഈ ഒരു അവസ്ഥയിൽ ചെറുപ്രായം മുതൽ അദ്ധ്വാനശീലരായതിനാൽ വെറുതെ ഇരിക്കുക എന്നത് അവരെ സംബന്ധിച്ചു വളരെ പ്രയാസം ഉണ്ടാക്കുന്ന സംഗതിയായതിനാൽ അവർ അദ്ധ്വാനിച്ച് ജീവിക്കുവാനായി ഒരു

ങ്ങുന്നു. അങ്ങനെ അവർ രാത്രി മുഴുവനും അദ്ധ്വാനിക്കുന്നു. ഈ ഒരു സാഹചര്യത്തിൽ കർത്താവ് അവർക്ക് പ്രത്യക്ഷപ്പെടുന്നതുമൂലം അവരെ കൂടുതൽ ധൈര്യപ്പെടുത്തുന്നത് നിങ്ങളോടൊപ്പം ഞാൻ എപ്പോഴും ഉണ്ടായിരിക്കും.

ഒരു ക്രിസ്തീയ ശുശ്രൂഷകനെ സംബന്ധിച്ചും അവൻ എപ്പോഴും ഓർത്തിരിക്കേണ്ട ഒരു കാര്യം എന്നുള്ളത് അവന്റെ ആത്മീയ ജീവിതവും ലൗകിക ജീവിതവും തമ്മിൽ വേർപിരിക്കുവാൻ സാധിക്കുകയില്ല എന്നുള്ളതാണ്. അതിനെ രണ്ടായി കാണുവാൻ സാധിക്കുകയില്ല. ഒരു നാണയത്തിന്റെ രണ്ടു വശം പോലെയാണ് നമ്മുടെ ആത്മീയ ജീവിതവും ലൗകിക ജീവിതവും. ലൗകിക ജീവിതത്തിൽ നമുക്ക് ക്രിസ്തുവിന്റെ ആത്മീയ സാന്നിദ്ധ്യം അനുഭവിക്കുവാൻ കഴിയണം. ശിഷ്യന്മാർ തങ്ങളുടെ അദ്ധ്വാനത്തിനായി പോയ സ്ഥലത്ത് ക്രിസ്തു എത്തിച്ചേർന്ന് അവരെ ധൈര്യപ്പെടുത്തുന്നു. ഒന്നും ലഭിക്കാതെ അല്പം നിരാശയിൽ ആയിരിക്കുമ്പോൾ ആണ് ക്രിസ്തുവിനെ യോഹന്നാൻ ശ്ലീഹാ കാണുന്നത്. ക്രിസ്തു നമ്മുടെ സന്തോഷസമയത്തു മാത്രമല്ല നമ്മുടെ പ്രയാസസമയത്തും നമ്മോടൊപ്പം ഉണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമുക്ക് ഇവിടെ കാണുവാൻ കഴിയുന്നത്. കുഞ്ഞുങ്ങളേ കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ച് അവർക്ക് വേണ്ടി പ്രാതൽ തയ്യാറാക്കി കാത്തിരിക്കുന്നവനായ കർത്താവ്. അവർ ഭക്ഷണത്തിനുവേണ്ടി പ്രയത്നിച്ചുകൊണ്ടിരുന്നപ്പോൾ യാതൊന്നും കിട്ടിയില്ല എന്ന പരമാർത്ഥം കർത്താവിനു മനസ്സിലാവുകയും അവരുടെ നിസ്സഹായതയെയും അവിടുത്തെ സഹായത്തിന്റെ ആവശ്യകതയെയും കുറിച്ച് അവർക്ക് ബോധമുണ്ടാകുവാൻ വേണ്ടിയാണ് ഇപ്രകാരം ചോദിക്കുന്നത്. ചോദിക്കുക മാത്രമല്ല അവർക്ക് വേണ്ടി കർത്താവ് കരുതുകയും ചെയ്തു. ആയതിനാൽ മനുഷ്യൻ തന്റെ കഴിവിൽ മാത്രം കൂടുതൽ ആശ്രയിക്കാതെ ദൈവകരുതലിൽ കൂടുതൽ ശരണപ്പെടണം എന്ന് ഈ ഭാഗം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

മറ്റുള്ളവരുടെ വാക്കുകൾക്ക് വില കല്പിക്കുന്നവരായ ശിഷ്യന്മാർ

പടകിന്റെ വലതുവശത്തു വല വീശുവിൻ. താൻ ആരെന്ന് വെളിപ്പെടുത്താതെ തന്നെ വലത്തു ഭാഗത്തു വലവീശുവാൻ നിർദ്ദേശിക്കുകയും അവർ അത് അനുസരിക്കുകയും ചെയ്യുന്നു. നീ ആരാണ് ഞങ്ങളെ ഉപദേശിക്കുവാൻ അല്ലെങ്കിൽ പഠിപ്പിക്കാൻ, ഞങ്ങൾ നിന്നെക്കാൾ മീൻപിടുത്തത്തിൽ ഗ്രാഹ്യം ഉള്ളവരാണ് എന്ന് പറഞ്ഞ് വാക്കുതർക്കത്തിൽ ഒന്നും ഏർപ്പെടാതെ മറ്റുള്ളവർ പറയുന്നതിൽ എന്തെങ്കിലും കാരണങ്ങൾ ഉണ്ടാകും എന്ന് ചിന്തിച്ച് അവരുടെ വാക്കുകൾക്ക് വില കല്പിക്കുന്ന ശിഷ്യന്മാർ. യാതൊരു ചോദ്യവും കൂടാതെ അവർ അനുസരിക്കുകയും അവർക്ക് വലിയ പ്രതിഫലം ലഭിക്കുകയും ചെയ്യുന്നു. ഇത്രയും നാളായി അവർ മുക്കുവർ ആയിരുന്നിട്ടും ഇതുവരെയും അവരുടെ ജീവിതത്തിൽ ലഭിക്കാത്ത വലിയ ഒരു പ്രതിഫലം ആണ് അവർക്ക് ലഭിച്ചിരിക്കുന്നത്. 153 വലിയ മത്സ്യങ്ങൾ, വല കീറാറായി എന്നു നാം വായിക്കുന്നു. അത്രക്ക് വലിയതും വല നിറച്ചും അവർക്ക് മത്സ്യത്തെ ലഭിക്കുന്നു. ഇവിടെ മൂന്നു അത്ഭുതങ്ങൾ നടക്കുന്നു.

1. പെട്ടെന്ന് വളരെ മത്സ്യം കിട്ടുന്നു. രാത്രി മുഴുവൻ ഇവർ ഈ ഭാഗത്ത് എല്ലാം വല ഇട്ടതാണ്.

2. ഇത്രയും 153 വലിയ മത്സ്യങ്ങൾ നിറഞ്ഞ വല വലിച്ചു കയറ്റിയപ്പോൾ ഇത്രയും ഭാരം ഉണ്ടായിട്ടും വല കീറാതിരിക്കുന്നു.

3. അവർ കരയ്ക്ക് എത്തുമ്പോൾ തീയും മത്സ്യവും കാണപ്പെടുന്നു.

പടകിന്റെ വലത്തുഭാഗത്തു വല വീശുന്നത് ഇടത്തേതിൽ നിന്ന് വലത്തേതിലേക്ക് - തിന്മയിൽ നിന്ന് നന്മയിലേക്കുള്ള പരിവർത്തനത്തെ സൂചിപ്പിക്കുന്നതായി മനസ്സിലാക്കാം. സത്പ്രവർത്തികൾക്കുള്ള നിർദ്ദേശം അത് ആരിൽ നിന്നായാലും അനുസരിക്കുന്നത് പ്രയോജനകരമാണ്. ഇവിടെ കർത്താവിന്റെ ശിഷ്യന്മാർ നന്മയിലേക്കുള്ള ആഹ്വാനത്തെ ആദരിച്ചതിന്റെ ഫലമായി ശാരീരികവും ആത്മീയവുമായ രണ്ടുതരം പ്രയോജനങ്ങളും അവർക്ക് ലഭിക്കുന്നു. ഒന്നാമതായി അവരുടെ അദ്ധ്വാനത്തിന് പ്രതിഫലം ലഭിക്കുന്നു. വല നിറയെ മത്സ്യത്തെ ലഭിക്കുന്നു. രണ്ടാമതായി കർത്താവിനെ തിരിച്ചറിയുവാനും സാധിക്കുന്നു. ആയതിനാൽ നമ്മുടെ ആത്മീയ ജീവിതത്തിലായാലും ലൗകിക ജീവിതത്തിലായാലും നന്മകളെ അംഗീകരിക്കുവാനും മാത്രമല്ല നമ്മോട് ആരു പറയുന്നു എന്നല്ല എന്താണ് പറയുന്നു എന്ന് കേൾക്കുവാനും അവയിൽ നന്മയുണ്ടെങ്കിൽ അവയെ അനുസരിക്കാനും കഴിയണം.

ഇവിടെ ഈ മീൻപിടുത്തം കർത്താവ് ശിഷ്യന്മാരെ ആദ്യം വിളിച്ചപ്പോൾ അവരോടു അരുളിച്ചെയ്ത ഒരു വാഗ്ദാനം ഉണ്ട്. "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും." തന്റെ ശിഷ്യന്മാരിലൂടെ ലോകത്തിന്റെ വിവിധ ഭാഗത്തുള്ള വിവിധ ജാതികളായിട്ടുള്ള ജനതകളെ കർത്താവിനുവേണ്ടി സുവിശേഷം അറിയിക്കുന്നതിനെക്കുറിച്ചും അവരെ കർത്താവിനു വേണ്ടി നേടിന്നതിന്റെയും മുൻകുറിയാണ്. 153 മത്സ്യം എന്നു പറയുമ്പോൾ ലോകത്താകമാനമുള്ള വിവിധ ജാതികളെ സൂചിപ്പിക്കുന്നു. ചുരുക്കിപറഞ്ഞാൽ സഭയുടെ സ്ഥാപനത്തെ സൂചിപ്പിക്കുന്നു. "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു (1 പത്രോസ് 2:9). സുവിശേഷ പ്രസംഗമായ വലയാൽ അജ്ഞാനാന്ധകാരം പൂർണ്ണമായ ലോകത്തിൽ നിന്ന് ദിവ്യ ജ്ഞാനത്തിലേക്ക് മനുഷ്യ.ൻ വിളിച്ചടുപ്പിക്കുന്നു.

അദ്ധ്വാനശീലരായ കർത്താവിന്റെ ശിഷ്യന്മാർ കർത്താവിന്റെ വചനങ്ങൾക്ക് വില കല്പിച്ച് അദ്ധ്വാനിച്ചതിനാൽ ലോകജനതയെ അന്ധകാരത്തിൽ നിന്നും ദൈവിക വെളിച്ചത്തിലേക്ക് നയിക്കുവാൻ ഇടയായി. നമുക്കും നാം ആയിരിക്കുന്ന സ്ഥലങ്ങളിൽ നമുക്കു ലഭിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെയും ആത്മാർത്ഥതയോടെയും നിർവ്വഹിക്കുവാനും അതിലൂടെ തിന്മയിൽ നിന്നും മറ്റുള്ളവരെ നന്മയിലേക്ക് നയിക്കുന്ന ദൈവീക ശുശ്രൂഷകരായി മാറുവാൻ ഉള്ള ഉത്തരവാദിത്വം ഭംഗിയായി നിർവ്വഹിക്കുവാൻ ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മെ സഹായിക്കട്ടെ.

❑



ആലുവാ തൃക്കുന്നത്ത് സെമിനാരി ചാപ്പലിലെ ഒവിബിഎസ് വിദ്യാർത്ഥികൾ യൂഹാനോൻ മാർ പോളിക്കർപ്പോസിനോടൊപ്പം.



100-ാം തവണ വിശുദ്ധ നാട്ടിൽ മലയാളികളെ കൊണ്ടുപോയ മീനടം വലിയപള്ളി വികാരി ഫാ. ജോൺ ശങ്കരത്തിലിനെ നിലക്കൽ ഭദ്രാസന മെത്രാപ്പോലീത്ത ജോഷ്വാ മാർ നിക്കോദീമോസ് ബേത്‌ലഹേമിൽ വി. കുർബാനക്ക് ശേഷം പൊന്നാടയണിയിച്ച് ആദരിച്ചപ്പോൾ.

"The Abundance from Twilight Toil: Experiencing the Risen Lord!"



(First Sunday after the New Sunday) John 21:1-14

Fr. Geevarghese Thomas

The Resurrection of the God-Incarnate is the new light which gives the potential of new life, hope and abundance in the unproductive human skills and capacities. This new light in itself is a universal vocation to the Church "to cast the net on the right side!" The first calling made the ordinary fishermen (disciples) to leave their nets and boat and then here is an imperative cum vocation to cast the nets on the right side of the boat, to actually make them the "fishers of men". This spiritual Gospel and especially this passage has an ample of symbolism to enlighten us in actualising the New Church with the Twilight Toil.

Reflections

1. Being the "sharers of God's Image" to reach the shore of God's anchorage.

The whole of Christ's economy was to divinize His creation and restore them to the eternal harbor from the odds and chaos of the temporal world. The early Christian belief asserted "Jesus the Son of God as Saviour" which comes from the Greek expression *"Iesus Christos Theou Huios Soter"*. The first letters of each word of this expression gives us the term *"ikhthus"* which in Greek means fish. That is why, Christ has been symbolised with fish in Christianity.

Here in this passage, we see the resurrected Christ is broiling fish (firstly not which the apostles caught, but a mystical one). He then asks the apostles- "Bring some of the fish that you have just caught." The fish, the burning charcoal and the effect of broiling, all these are highly symbolical. Christ symbolised as fish is the true sacrifice who suffered in His flesh and gave us the moment of partaking in the Heavenly Table. To reach the shore of Heavenly Host, we must constantly identify ourselves as God's Image (to be at the right side of the boat) in the turmoiled sea like world. This sharing of God's Image is the Sacramental gift of the seal of Christ (through Holy Baptism). If primarily, the behest of casting the nets on the right side is the vocation of the Apostles, it simultaneously becomes the privilege of we as the fish (the image bearers) to be collected up in the nets which is the Church. And this Church won't get torn even if the fish are in large quantity. Yet the specific number of fish caught symbolises the saved ones with their names in the Book of Life. The another privilege of identifying and living with God's image is to be led and guided by the Apostolic Tradition. The Church identified as the Living Image of God is given to be carried and to be led by the Apostles. At last, what then is the gain to be broiled? This broiling or the burning charcoal experience through Christian sacrifice, makes us or transforms us to be the delicacies (futuristic) for the Heavenly Host! Not in its literal sense, but delicacy as the matter of delight and content, to become the honor of the Heavenly Host! In present reality, we as the "food of sacrifice" (humility, endurance, love, forgiveness etc) nourish the Church to attain the Paradisiacal ethnicity, free from the drives and clutches of indifferences that distort the Image of God in us.

Today, often we get moved by the disguised waves of indifference. We get divided by our egos, pride, greed and some other wicked motives. But to swim against these waves is the intrinsic strength we are bestowed with, through God's image in us. In the sea of disguised people and situation, all we must do is "to identify God's image in us", (to be on the right side) to be carried in "the Apostolic ways" to reach "the eternal harbour" and nourish the Church through enduring the burning charcoals in faith and be the honor of the Heavenly Host!

2. The quest for true abundance and experiencing the New Light.

The whole night the disciples who are skilled fishermen couldn't get any fruit of their toil. But with the twilight of breaking dawn, Jesus showed Himself and asks them to cast their nets on the other side. And their state of being deprived was turned into abundance of God's provision. At some point after their initial striving, they might be perplexed on the fate of lacking fish. They might have thought of the "abundance" (as He fed the multitude) they experienced while their Master was with them. Amidst this perplexity, they were welcomed in the dawn with a certain command. On fulfilling it, they relive the state of "abundance" with the Risen Lord.

Today, we are allured to certain states of "abundance". The abundance of wealth, fame, friends for self gain, facilitation and so on. We all knowingly or unknowingly strive to get us into these abundance. But the true abundance is not one which makes you ecstatic in worldly parameters. Rather, true abundance is richness in gaining the spiritual gifts with every dawn of God's grace. These riches are Love, joy, peace, patience, kindness, generosity, faithfulness, gentleness, and self-control (Galatians 5:22,23). If we retrospect our humble lives, aren't there a numerous dawn of "New Light" in the form of God's grace, giving us an another chance to lead us in discovering these true abundances? Christian life is a regular witness of this breaking dawn of the New Light. There may come sumptuous and dreary moments in our life, which will baffle the quest of true abundance in life. Even there, we will be blessed with a moment of the Resurrecting Power of Christ (which defeated the very death) as any revelation. It is the virtue of discipleship to accept within, this dawn of New Light and cherish the true abundance in God's provisions.

Conclusion

The appearances of Risen Lord strengthened the Disciples to toil for the Church and restore God's creation in its Paradisiacal nature. We who are privileged to be pastured in the Apostolic Tradition must realise constantly that we are the sharers of God's Image and are destined to be the ultimate honor of the Heavenly Host at the eternal shore. The conscience leading to this privileged destiny helps us to discover the quest of true abundance by experiencing every dawn of God's grace in the form of New Light in our perplexed life situations. May God bless us.

◆

Finding one's Galilee

(Reflection on holy Gospel reading for the Sunday after the New Sunday - St. John 21:1-14)

Rincy

Christ is Risen!

The disciples are no longer in Jerusalem but have come to Galilee. The reason for their stay in Galilee flows from the instruction given by the Risen Lord to the women (St Matthew 28:10 - "Then Jesus said to them, "Do not be afraid. Go and tell My brethren to go to Galilee, and there they will see Me.").

The apostles had the most traumatizing week in Jerusalem - betrayals, denials and cowardice on their part while their beloved Master was taken captive, scourged and led to crucifixion. Then they witnessed the Resurrection- it was joyous news indeed yet unfathomable to the common rational mind.

Shortcomings aside, the disciples deeply loved the Lord. Jerusalem was the place which triggered the feelings of loss, hopelessness, and enigma in them. The Risen Lord instructs them to go back to Galilee- the place where they first met Him. Galilee was their little beautiful world having tender memories of His companionship and teachings. At this stage, Galilee could offer them the much-needed rest from the anguish which Jerusalem heaped on them. Of course, there will a time soon when the disciples will boldly proclaim Risen Christ in Jerusalem and the whole earth but now it was the time to return- to Galilee and in time, to that world of joy and to contemplate the words of the Lord in the light of His Crucifixion and Resurrection.

It was on the shores of Lake Gennesaret (Sea of Galilee/Sea of Tiberias) that Simon Peter, after a hopeless fishing expedition, had a deep intimate encounter with the Lord (St. Luke 5:1-11). The first memories are the fondest too. Simon Peter's announcement "I am going fishing" (v.3) is often cited as his practical nature or a hopeless transition to the old profession. What if this very statement and action was done in the hope of meeting the Lord like he met Him the first time!?

Simon Peter and friends toiled the whole night without any results. In the morning, a stranger calls out to them from the shore to see if they got any catch (food). "No", answered the disciples, not knowing who He was. Then the disciples, particularly Simon Peter, heard a familiar command to cast the net.

In their first meeting, the Lord had instructed Simon Peter thus- "Launch out into the deep and let down your nets for a catch." Simon's response was: "Master, we have toiled all night and caught nothing; nevertheless at Your word I will let down the net." And when they had done this, they caught a great number of fish, and their net was breaking. (St Luke 5:3-6; NKJV)

Jesus asks Simon to let down the 'nets' (many) and Simon responds he will let down 'net' (just one). Simon is perplexed- he toiled all night and caught nothing and here is a Carpenter instructing a seasoned fisherman where to launch his nets. Simon isn't hopeful but he doesn't want to disobey either and responds that for the sake of Jesus's request, he will let down the net. The catch was astonishing.

However, this time the command was to launch the net on the right side-



only a net. It would have reminded Simon of his half-hearted obedience and hopelessness, but he still didn't know that it was the Lord. The disciple whom Jesus loved tells Peter- 'It is the Lord'. The feelings of unworthiness would have been crushing Simon Peter inside and perhaps that is why this time Simon doesn't wish to walk on the water to come to the Lord (St. Matthew 14:28). Instead, he simply plunges into the sea after putting on his outer garment.

When the disciples came to the land dragging the net with fish, they saw a fire of coals with fish laid on it and bread (v.9). The coal of fires would have reminded Simon Peter of the dreaded night when he warmed himself over the coal of fires set by the servants and officers (St John 18:18). In the presence of the 'worldly' fire lit by the officers and servants, Simon Peter denied Christ three times. In the warmth of this 'worldly' fire, Simon Peter tried to protect himself from the cold but in his heart, he received no comfort. However, in the presence of the fire lit by Christ, Simon Peter received food for nourishment of his body (fish and bread), nourishment and comfort for his soul (forgiveness) and a commandment to tend and feed the lambs and sheep of Christ. The breakfast gospel reading culminates with Jesus serving them bread and fish- a reminder of the servant leader lesson at the Last Supper.

On that night in the sea of Tiberias, the disciples would have been fishing for answers- where was their life heading and what was its purpose. The Lord announced "Peace" when meeting the disciples in a closed room post Resurrection. We have been promised this peace. Peace is collaborative- in order to behold, imbibe and radiate peace given by the Lord, we are called upon this journey of experiences to grow spiritually and faithfully.

Sometimes in life we are led through the Jerusalem experiences- painful, hurting, puzzling etc. and these give us an opportunity to retreat to the Galilee of our lives- where we get an opportunity to reminisce when we felt closer to Him and as a group/family/community we were in communion with Him. A retreat to help us know who we are, evaluate our purpose in life and to wait unto the Lord.

May the Good Lord guide us in this journey.

❑

സഭകളുടെ 29-ാമത് ദേശീയ അസംബ്ലി ഹൈദ്രബാദിൽ

ഏപ്രിൽ 21 മുതൽ 24 വരെ

ഡോ. ജെയ്സി കരിങ്ങാട്ടിൽ





നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 29 മത് ഹൈദ്രബാദ് അസംബ്ളിയിൽ പങ്കെടുക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പ്രതിനിധികൾ

നാഗപ്പൂർ: ഇന്ത്യൻ സഭകളുടെ 29 മത് ദേശീയ അസംബ്ളി ഏപ്രിൽ 21 മുതൽ 24 വരെ ഹൈദ്രബാദിലെ ഹെൻട്രി മാർട്ടിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തും. ' നാഴിക വന്നിരിക്കുന്നു. നമുക്ക് പോകാം' (മർക്കോ 14: 41–22) എന്നതാണ് മുഖ്യചിന്താവിഷയം'

ഇന്ത്യയിലെ 30 സഭകളുടെയും വിവിധ സഭാ സമിതികളുടെയും പ്രാദ്ദേശിക സഭാ കൗൺസിലുകളുടെയും സംയുക്ത വേദിയായ എൻ.സി.സി. (ഐ) 1914 ലാണ് ആരംഭിച്ചത്. നാഗപ്പൂർ കേന്ദ്രീകരിച്ചാണ് എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇന്ത്യയിലെ എക്യുമെനിക്കൽ ബന്ധങ്ങളിലുള്ള നയം, ഭരണം,പൊതുസാക്ഷ്യം, ദലിത്,ആദിവാസി പ്രശ്നങ്ങൾ, സ്ത്രീ- യുവജന സമീപനങ്ങൾ എന്നിവ രൂപീകരിക്കുന്നതും ഈ സമിതിയാണ്.

യേശു ഗത്സമനയിൽ അനുഭവിച്ച അതിവേദനക്കു ശേഷം ശിഷ്യരോട് പറയുന്നതാണ് നാഴിക വന്നിരിക്കുന്നു നമുക്ക് പോകാം എന്നത്. ഇന്ത്യൻ സഭകൾ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക രംഗത്തെ സമകാലിക മാറ്റങ്ങൾ തിരിച്ചറിഞ്ഞ് ക്രിയാത്മക പ്രവർത്തനങ്ങളിലേക്ക് പോകാനുള്ള നാഴിക വന്നിരിക്കുന്നു എന്ന സൂചന തിരിച്ചറിയുവാൻ കഴിയണം.

ഇന്ത്യയിൽ ന്യൂനപക്ഷ പീഡനവും, ലിംഗപക്ഷാപാതവും, പരിസ്ഥിതി നശീകരണവും വെറുപ്പിന്റെ രഷ്ട്രീയവും ശക്തിപ്പെടുന്നു. സ്ത്രീകൾ, വൃദ്ധർ, കുട്ടികൾ, ദലിതർ, ആദിവാസികൾ, കുടിയേറ്റക്കാർ, രാജ്യാതിർത്തി വാസികൾ, വനവാസികൾ തുടങ്ങിയവർ വിവിധ പ്രതിസന്ധികൾ നേരിടുന്നു. ഇത്തരം സാഹചര്യങ്ങളിൽ നീതിയും ന്യായവും പകരുന്ന ദൈവത്തിന്റെ രക്ഷയും കരുണയും തിരിച്ചറിഞ്ഞ് കുരിശു വഹിക്കാനും സമൃദ്ധമായ ജീവനിലേക്ക് അതിജീവിക്കാനുമുള്ള കരുത്ത് സഭകൾ നേടണം. ഭീഷിണി പകരുന്ന അന്യായ നിയമങ്ങളും സമ്പ്രദായങ്ങളും നിലനിൽപ്പിനെയും സ്വത്വത്തെയും ചോദ്യംചെയ്യുന്ന സാഹചര്യമാണ് വളർന്ന് വരുന്നത്.

സഭകൾ ഐക്യത്തോടെ ഇത്തരം ഘടനാപരവും സ്ഥാപനപരവുമായ കോർപ്പറേറ്റ് ലക്ഷ്യങ്ങളെ തിരിച്ചറിഞ്ഞ് ക്രിസ്തു പകർന്ന കൂട്ടായ്മയിലും ഐക്യത്തിലും വിശ്വാസവും സാക്ഷ്യവും യാഥാർത്ഥ്യമാക്കുവാൻ കഴിയണം. കാലത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ് മരണമുഖങ്ങളിൽ പ്രത്യാശയോടു കൂടിയ ശിഷ്യത്വവും പ്രവചന ദർശനവും നീതിപൂർവ്വമായ ഇടപെടലും പ്രവർത്തന പദ്ധതികളിൽ യാഥാർത്ഥ്യമാക്കുവാൻ സഭകൾക്ക് കഴിയണം.

അഭി.അലക്സിയോസ് മാർ യൗസേബിയോസ്, ഡോ.ഗീവർഗീസ് മാർ യൂലിയോസ്, ഫാ.തോമസ് ഉമ്മൻ, ഫാ. ജിയോ ജോസഫ്, ഫാ. സഖറിയ തോമസ്, ഫാ. മെർവിൻ ആന്റണി, ഡോ. ജെയ്സി കരിങ്ങാട്ടിൽ, മിൻറാ മറിയം വർഗീസ്, ഷീനു വർഗീസ്, റെനി അന്ന ഫിലിപ്പ്, അന്ന തോമസ്, ഷാലെറ്റ് ഡിസൂസ്സ, റിന്റോ രാജൻ, മാമ്മൻ ജോസഫ്, തോമസ് പി.തോമസ്, ഷനോൽ ക്രാസ്റ്റ, ജോജി പി. തോമസ്, ഷിബു വർഗീസ് ഏബ്രഹാം എന്നിവർ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധികരിച്ച് അസംബ്ളിയിൽ പങ്കെടുക്കും.

എൻ. സി. സി. ഐയുടെ 2023– 27 വർഷത്തേക്കുള്ള ഭാരവാഹികളെ ഈ അസംബ്ളിയിൽ തെരഞ്ഞെടുക്കുമെന്ന് സമ്മേളനത്തിന് ആതിഥേയത്വം നൽകുന്ന ഹെൻട്രി മാർട്ടിൻ ഇൻസ്റ്റിട്യൂട് പ്രസിഡൻറ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലിത്ത പറഞ്ഞു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ആധ്യാത്മിക സംഘടനകളുടെ കേന്ദ്ര ഭാരവാഹികൾ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവായോടൊപ്പം.



ഡോ. ജോസഫ് മാർ ദീവന്നാസിയോസ് സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി ഔദ്യോഗികമായി ചുമതല ഏറ്റെടുത്തു.



മനുഷ്യസ്നേഹത്തിന്റെ പുണ്യം മലയാളികളിൽ നിറച്ച നല്ല ഇടയൻ; അന്യർക്കായി ജീവിക്കുക എന്ന ദൈവവചനം സഫലമാക്കി; അവയവ ദാനം മഹാദാനമെന്ന പ്രത്യാശാ സന്ദേശം പകർന്നു സ്വന്തം വൃക്ക മറ്റൊരാ ൾക്കായി പകുത്തു നൽകിയ ഫാ. ഡേവിസ് ചിറമ്മേലിന്റെ നേതൃത്വത്തിൽ കുവൈറ്റ് സെൻറ് സ്റ്റീഫൻസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയിൽ ഫാമിലി കോൺഫറൻസ് നടന്നു.



ദേശീയ പഞ്ചായത്ത് അവാർഡ് 2023-ലെ ശിശുസൗഹൃദ വിഭാഗം പുരസ്ക്കാരം ചെറുതന പഞ്ചായത്ത് പ്രസിഡന്റ് എബി മാത്യു രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നും ഏറ്റുവാങ്ങുന്നു. കരുവാറ്റാ മാർ യാക്കോബ് ബുർദാന വലിയപള്ളി ഇടവകാംഗം.



നവീകരണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഇടുക്കി മെത്രാസന ആസ്ഥാന മന്ദിരത്തിന്റെ കൂദാശാ കർമ്മം 2023 ഏപ്രിൽ 21-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. തുടർന്ന് മെത്രാസന ഇടവകയുടെ ജീവകാരുണ്യ പദ്ധതികളുടെ ഉദ്ഘാടന സമ്മേളനം ഗത്സിമോൻ അരമനചാപ്പലിൽ നടത്തപ്പെട്ടു.



നവീകരണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഇടുക്കി മെത്രാസന ആസ്ഥാന മന്ദിരം.



കേരള തപാൽ സർക്കിളിന്റെ (കേരള സംസ്ഥാനം, ലക്ഷദ്വീപ്, മാഹി പ്രദേശങ്ങൾ) ഡയറക്ടർ പോസ്റ്റൽ സർവീസസ് (HQ) ആയി അലക്സിൻ ജോർജ് IPpS ചുമതലയേറ്റു. ചങ്ങനാശ്ശേരി ചീരഞ്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി അംഗമാണ്. മുണ്ടപ്ലാംമൂട്ടിൽ പരേതനായ ഫാ. എം. സി. ജോർജിന്റെയും സുജാതയുടെയും മകനാണ്. ഭാര്യ: പ്രിൻസി സൂസൻ കോശി (പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് കെമിസ്ട്രി വിഭാഗം അസി. പ്രൊഫസർ). മക്കൾ: എയ്ഞ്ചൽ, ജോർജ്.

ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും സൈക്കോളജിയിൽ റീതു സാറാ വർഗ്ഗീസ് ഡോക്ടറേറ്റ് കരസ്ഥമാക്കി. ചേപ്പാട് ഏവരത്ത് കിഴക്കേതിൽ മണ്ണമ്പള്ളിൽ വർഗീസിന്റെയും ഡെയ്സി പോൾ മാളിയേക്കലിന്റെയും മകളാണ്. ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗം.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ആറാം മാർത്തോമായുടെ സ്മരണാർത്ഥം, പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഏർപ്പെടുത്തിയിട്ടുള്ള 2023 വർഷത്തെ ആറാം മാർത്തോമാ അവാർഡ്, അട്ടപ്പാടി സെന്റ് തോമസ് ആശ്രമം ഡയറക്ടർ എം. ഡി. യൂഹാനോൻ റമ്പാന് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മാനിച്ചു.



ഗീവർഗീസ് മാർ പീലക്സിനോസ് സിഡ്നിയിലെ പോപ്പ് ഷെനൂദാ മോനാസ്റ്ററിയിൽ കോപ്റ്റിക് സഭയിലെ അൻബ ഡാനിയേൽ മെത്രാപ്പോലീത്തായെ സന്ദർശിച്ചു. തോമസ് വർഗീസ് കോർഎപ്പിസ്കോപ്പാ സമീപം.



പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ & കരിയർ ഗൈഡൻസ് പ്രോഗ്രാമിന്റെ ഉദ്ഘാടനം യൂഹാനോൻ കോർ എപ്പിസ്ക്കോപ്പാ നിർവ്വഹിക്കുന്നു. മിഷൻ സെന്ററിന്റെ ആക്ടിംഗ് സെക്രട്ടറിയും ട്രഷററുമായ ഷാജി ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു.

യോഗ്യനല്ല

സജി തേവർകാട്ടിൽ, ഗാന്ധിനഗർ

മരണത്തിൻ മാലാഖ ക്ഷീണിച്ചവശനായ്
ഔതക്കടുത്തെത്തി നീർ ചോദിച്ചു
കരുണയോടൗത ജലം നല്കി, മാലാഖ
ആർത്തിയോടാ ജലം പേയമാക്കി

സന്തുഷ്ടനാം ദൂതൻ ഔതക്കു നല്കി ഒരഞ്ചു മിനിട്ടിന്റെ നേരം കൂടി
നല്കി തൻ പുസ്തകമെന്തും കുറിച്ചിടാം
ആയതുതന്നെ നിനക്കു ചേരും

ഒന്നാം പുറത്തായി മുമ്പിലെ വീട്ടിലെ
കോരക്കു ലോട്ടറി എന്നു കണ്ടു
സഹിച്ചില്ല ഔത, കുറിച്ചിട്ടതിൻ താഴെ
ആയവൻ കോടിക്കു 'യോഗ്യനല്ല'

രണ്ടാം പുറത്തായി കണ്ടിതു ഔത തൻ
പിന്നിലെ തോമ്മാക്കു ബെൻസു കാറ്
കലി പൂണ്ട ഔത കുറിച്ചിട്ടതിൻ താഴെ
ആയവൻ ബൻസിനു 'യോഗ്യനല്ല'

മൂന്നാം പുറത്തൂന്നു വായിച്ചു ഔത തൻ
ബോസിനു കിട്ടുന്നു മേൽക്കയറ്റം
ദ്വേഷത്താൽ ഔത കുറിച്ചിട്ടതിൻ കീഴെ
ദുഷ്ടനാം ബോസിപ്പോ 'യോഗ്യനല്ല'

നാലാം പുറത്തൗത വായിച്ചതെന്തെന്നോ
ഇടത്തുള്ള മത്തായി മന്ത്രി ആവും
സന്താപത്തോടെ കുറിച്ചിട്ടതിൻ കീഴെ
വഞ്ചകൻ - മത്തായി മന്ത്രിസ്ഥാനത്തിനു 'യോഗ്യനല്ല'

അഞ്ചാം പുറത്തതിൽ കണ്ടിതു ഔത, തൻ പേര്,
വേറൊന്നും ആയതിലില്ല താനും
ആർത്തിയോടാപുറം പൂർണമാക്കീടുവാൻ
ഔത തുനിഞ്ഞൊരു നേരത്തിങ്കൽ

മൊഴിയുന്നു മാലാഖ, തീർന്നല്ലോ ഔതെ
ആ അഞ്ചു മിനിട്ടിന്നധിക നേരം.
അഞ്ചാം പുറത്തു നിന്നിഷ്ടം കുറിച്ചിടാൻ അസൂയാലു ഔതേ നീ 'യോഗ്യനല്ല'


കേൾക്കുവിൻ കൂട്ടരെ ഔത മാരാവല്ലെ
നിൻ വഴി സ്നഹത്താൽ യോഗ്യമാക്ക.



അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ, കെ. വി. മാമ്മൻ എന്നിവർ ചേർന്ന് രചിച്ച ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ ജീവചരിത്രത്തിന്റെ രണ്ടാം പതിപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് നിരണം പള്ളിയിൽ വച്ച് ഏപ്രിൽ 16–നു വി. കുർബാനയ്ക്കു ശേഷം നടന്ന സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

– പ. പരുമല തിരുമേനി





നിലയ്ക്കൽ ഭദ്രാസനത്തിലെ നിലയ്ക്കൽ ഡിസ്ട്രിക്ട് സൺഡേസ്കൂൾ അധ്യാപക മീറ്റിംഗ് 2023 ഏപ്രിൽ 16–ന് വടശ്ശേരിക്കര വി. മർത്തമറിയം തീർഥാടന പള്ളിയിൽ വെച്ച് ഭദ്രാസനാധിപൻ ഡോ. ജോഷ്വാ മാർ നീക്കോദിമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.



മലങ്കര ഓർത്തഡോക്സ് സഭയുടെ പൂനെയിൽ നടക്കുന്ന സന്യസ്ത സഭാംഗങ്ങളുടെ ആഗോള കോൺഫറൻസിൽ പങ്കെടുക്കുന്ന തെക്കൻ മേഖലയിൽ നിന്നുള്ള വൈദികരും സന്യാസിനിമാരും പെരുമ്പാവൂർ ബഥേൽ സുലോക്കോ ഓർത്തഡോക്സ് പള്ളി സന്ദർശിച്ചു.



കുന്നംകുളം ഭദ്രാസനത്തിന്റെ മദ്ബഹ ശുശ്രൂഷകസംഘം വൈസ് പ്രസിഡന്റ് ആയി ഫാ. ഗീവർഗീസ് വർഗീസിനെ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് നിയമിച്ചു.

യുഎസ് ക്ലാർക്ക്സൻ സർവകലാശാലയിൽ നിന്ന് കെമിസ്ട്രിയിൽ മോനു ജോയ് ഡോക്ടറേറ്റ് കരസ്ഥമാക്കി. കോട്ടയം കാരമൂട് സെന്റ് മേരീസ് സെഹിയോൻ ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. പാക്കിൽ തെക്കുംതറമ്യാലിൽ ടി. പി. ജോയിയുടെയും സോമ ജോയിയുടേയും മകനാണ്. കറ്റാനം വടക്കേവീട്ടിൽ അഞ്ജു സൂസൻ ആണ് ഭാര്യ.

